# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2451 18.12.2012- ൽ മറുപടിക്ക്

### പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളുടെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പ് മന്ത്രി) | |
| (എ) | 2012-13 വരെയുള്ള സാമ്പത്തിക വർഷത്തിൽ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളുടെ ആകെ എണ്ണം എത്രയാണ്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; | (എ) | 690.<br>ജില്ല തിരിച്ചുള്ള കണക്കുകൾ:-<br>ജില്ല — എണ്ണം<br>1.തിരുവനന്തപുരം - 357<br>2.കൊല്ലം - 85<br>3.പത്തനംതിട്ട - 4<br>4.ആലപ്പുഴ - 24<br>5.കോട്ടയം - 17<br>6.ഇടുക്കി - 11<br>7.എറണാകുളം - 16<br>8.തൃശ്ശൂർ - 25<br>9.പാലക്കാട് - 41<br>10 മലപ്പുറം - 10<br>11.കോഴിക്കോട് - 36<br>12.വയനാട് - 4<br>13.കണ്ണൂർ - 52<br>14.കാസർഗോഡ് - 8 |
| (ബി) | ഇവയിൽ പ്രവർത്തന ക്ഷമമായത് എത്ര യൂണിറ്റുകളാണ്; | (ബി) | 439 |

| | | | |
|---|---|---|---|
| (സി) | പ്രാഥമിക കൈത്തറി നെയ്ത്തു സംഘങ്ങളുടെ പുരോഗതിയ്ക്കായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ; | (സി) | പ്രാഥമിക കൈത്തറി നെയ്ത്ത് സംഘങ്ങളുടെ പുരോഗതിക്കായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഇവയാണ്.<br>1.അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.<br>2.നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.<br>3.ഹാൻടെക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹ കരണ സംഘങ്ങൾക്ക് 20% റിബേറ്റും കൈത്തറി തുണി കളുടെ വിൽപ്പനയ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവും നൽകുന്നു. (5% സംസ്ഥാന വിഹിതവും 5% കേന്ദ്ര വിഹിതവും)<br>4. വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോടനു ബന്ധിച്ച് ജില്ല തോറും കൈത്തറി പ്രദർശനങ്ങൾ, വിൽപ്പനമേളകൾ എന്നിവ സംഘടിപ്പിക്കുന്നു.<br>5.കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ സബ്സിഡി നൽകി വരുന്നു.<br>6.കൈത്തറി നെയ്ത്തുകാർക്ക് വേണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>7.എൽ. ഐ. സി യും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ചേർന്ന് കൈത്തറി നെയ്ത്തുകാർക്കായി എം. ജി.ബി.വൈ എന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു.<br>8.ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം നൽകുന്നു.<br>9.കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തു ക്കളും ന്യായവിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി ഏഴ് യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു.<br>10.കേന്ദ്ര ഗവൺമെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>11.കൈത്തറി വസ്തുങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കു ന്നതിനായി പ്രചരണം നടത്തി വരുന്നു.<br>12.പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാ ളിത്തം നൽകുന്നു.<br>13.കൈത്തറി നെയ്ത്ത് സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലും പ്രോസസിംഗിൽ ഭാഗിക യന്ത്ര വത്ക്കരണത്തിന് 100% ഗ്രാന്റ് നൽകുന്നു. |

| | | | |
|---|---|---|---|
| | | | 14.കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നു.<br>15.അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നു.<br>16.കൈത്തറി തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നുണ്ട്.<br>17.ഫാക്ടറിയേതര സൊസൈറ്റികളിലെ നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു.<br>18.ആകർഷകമായ ഇൻസെന്റീവുകൾ നൽകി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നെയ്ത്തുകാരേയും അനുബന്ധ തൊഴിലാളികളേയും പ്രവർത്തനോന്മുഖമാക്കുന്നതിന് പ്രചോദന പരിപാടി നടപ്പിലാക്കുന്നു.<br>19.കൈത്തറി മേഖലയിൽ കേന്ദ്രഗവൺമെന്റിന്റെ "പുനരുദ്ധാരണ പുനരാവിഷ്കൃത പാക്കേജ്" നടപ്പിലാക്കുന്നു. |
| (ഡി) | എങ്കിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്.<br>1.കൈത്തറി മേഖലയിലെ സ്വയം തൊഴിൽ പദ്ധതി.<br>2.നെത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും പ്രചോദന പരിപാടി.<br>3.കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും തുടങ്ങുവാനുള്ള പദ്ധതികൾ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ